'ഭരണഭാഷ– മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ആലുവ നഗരസഭയുടെ ജനറൽ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കരാറുകാരന് കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.387/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/02/2020

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 13/01/2020ലെ ഡിസി3/17726/2019 നമ്പർ കത്ത്.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/02/2020ലെ എബി2/ഡിബി2-1480/2020/സിഇ/തസ്വഭവ നമ്പർ കത്ത്.

3 ആലുവ നഗരസഭയുടെ 03/12/2019ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം.

4. സ.ഉ(സാധാ)നം. 2364/2019/തസ്വഭവ തീയതി 24/10/2019.

**ഉത്തരവ്**

ആലുവ നഗരസഭയുടെ ജനറൽ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും കൊളാറ്ററൽ സെക്യൂരിറ്റിയായി മാർക്കറ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയ്ക്ക് പുറമെ 219/603, 219/605, 391A, 11.2 സർവ്വേ നമ്പറിൽ ആലുവ വെസ്റ്റ് വില്ലേജിൽപ്പെടുന്ന 0.6325 ഹെക്ടർ മുനിസിപ്പൽ പാർക്കും ഈടു നൽകി 10% പലിശ നിരക്കിൽ 5 കോടി രൂപ വായ്പ എടുക്കുന്നതിന് 1963 ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് നിർമ്മാണത്തിന് കരാർ ഏറ്റെടുത്തിരുന്ന M/s റോയൽ കൺസ്ട്രക്ഷൻസിന്റെ കരാർ കാലാവധി 20.11.2016 ൽ അവസാനിച്ചിട്ടുള്ളതാണെന്നും എന്നാൽ മാർക്കറ്റ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 06/19 ന് മാത്രമാണ് ലോൺ അനുവദിച്ചിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ നിലവിലുള്ള കരാർ നിരക്ക് പ്രകാരം കരാറുകാരൻ പ്രവൃത്തി തുടരാൻ താൽപര്യപ്പെടുന്ന പക്ഷം സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി കരാർ പുതുക്കി നൽകുന്നതിന് ആലുവ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും നിലവിലെ എഗ്രിമെന്റ് പ്രകാരമുള്ള റേറ്റിൽ പ്രവൃത്തി ചെയ്തു തരുന്നതിന് സമ്മതമാണെന്ന് M/s റോയൽ കൺസ്ട്രക്ഷൻസ് നോട്ടറി അഫിഡവിറ്റ്

ഹാജരാക്കുകയുണ്ടായി എന്നും, ഇപ്പോൾ നിലവിലുള്ള നിരക്കിലേയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്താൽ അധിക ബാദ്ധ്യത നഗരസഭ കണ്ടെത്തേണ്ടി വരുമെന്നതിനാലും ആയതിനാൽ നിലവിലുള്ള കരാറുകാരന് കരാർ പുതുക്കി നൽകുന്നതിനുള്ള അനുമതി നല്കണമെന്നുള്ള ആലുവ നഗരസഭ സെക്രട്ടറിയുടെ അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയും സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആയതിൽ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആലുവ നഗരസഭയുടെ ജനറൽ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് മാർക്കറ്റ് നിർമ്മാണത്തിന് കരാർ ഏറ്റെടുത്തിരുന്ന Ms. Royal Constructionന്റെ കരാർ കാലാവധി 20.11.2016ൽ അവസാനിച്ച ശേഷം 2019 ജൂൺ മാസം മാത്രമാണ് KURDFCയിൽ നിന്നും ലോൺ അനുവദിച്ചത് എന്നതിനാലും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ളനിരക്കിൽ പ്രവൃത്തി നിർവഹിക്കുവാൻ സമ്മതമാണെന്ന് M/s. Royal Constructions 13/11/2009ൽ Affidavit ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിലും നിലവിലുള്ള കരാറുകാരന്( M/s. Royal Constructions ) നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം.

സെക്രട്ടറി ആലുവ നഗരസഭ.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ